# തൃശ്ശൂർ ജില്ലാകളക്ടറുടെ നടപടിക്രമം

(ഹാജർ - എസ്.ഷാനവാസ്,ഐ.എ.എസ്)

വിഷയം: ദുരന്തനിവാരണം- മഴക്കെടുതി -ആശ്വാസ നടപടികൾ സ്വീകരിക്കുന്നത്- വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം - 1. സർക്കാർ പരിപത്രം നമ്പർ ഡി.എം.1/217/2018/ഡി.എം.ഡി., തീയതി 28.05.2018

2. താലൂക്ക് തഹസിൽദാർമാരുടെ 08.08.2019 ലെ ഫോൺ സന്ദേശം

**ഉത്തരവ് നമ്പർ കെ1-4770/2019 തിയ്യതി : 08.08.2019**

ജില്ലയിൽ കാലവർഷം അതിശക്തമായ നിലയിൽ തുടരുന്നത് ജനജീവിതം ദുസ്സഹമാക്കിയിട്ടുണ്ട്. മഴക്കെടുതിയും വെള്ളക്കെട്ടും മൂലം ദുരിതമനുഭവിക്കുന്ന നിരവധി കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ട സാഹചര്യമുള്ളതും, പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. വെള്ളക്കെട്ട് മൂലം റോഡ് ഗതാഗതം തടസ്സപ്പെടുവാൻ സാധ്യതയുള്ളതും, വിദ്യാർത്ഥികൾക്ക് എത്തിച്ചേരുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശക്തമായ കാലവർഷത്തെ തുടർന്നുള്ള ദുരന്തങ്ങളും/അപകടങ്ങളും ഒഴിവാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ അംഗൻവാടികൾ, പ്രൊഫഷണൽ കോളേജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും (സി.ബി.എസ്.സി/ഐ.സി.എസ്.സി.ഉൾപ്പെടെ) 09.08.2019 ന് അവധി അനുവദിച്ച് ഉത്തരവാകുന്നു. ഈ അവധി മൂലം നഷ്ടപ്പെട്ട പഠനദിനം വിദ്യാഭ്യാസ ഉപഡയറക്ടർ / പ്രിൻസിപ്പാൾ ക്രമീകരിക്കേണ്ടതാണ്.

ഒപ്പ്
ജില്ലാ കളക്ടർ

സ്വീകർത്താവ് :

എല്ലാ താലൂക്ക് തഹസിൽദാർമാർക്കും

പകർപ്പ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - മതിയായ പ്രസിദ്ധീകരണത്തിനായി
4. ജില്ലാ കളക്ടറുടെ സി.എ.യ്ക്ക്/എ.ഡി.എം.ന്റെ സി.എ.യ്ക്ക്
5. സ്റ്റോക്ക് ഫയൽ കെ1

// ഉത്തരവിൻ പ്രകാരം //

ജില്ലാ കളക്ടർക്കു വേണ്ടി